സ.ഉ.(സാധാ) നം.531/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം-കവടിയാർ റോഡ് വികസനത്തിനായി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തത് - തിരുവനന്തപുരം സബ് കോടതിയിൽ നടന്ന ലോക് അദാലത്തിൽ സെറ്റിൽ ചെയ്ത എൽ.എ.ആർ 297/2008-മേലുള്ള തുക - അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.531/2023/LSGD തീയതി,തിരുവനന്തപുരം, 03-03-2023

---

പരാമർശം:- 1. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18/03/2019

2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 08/08/2022, 02/11/2022, 30/12/2022 തീയതികളിലെ എ3/1457/2017/ട്രിഡ നമ്പർ കത്തുകൾ

3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 08/12/2022 തീയതിയിലെ കെ18-32795/10 നമ്പർ കത്ത്

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതിയിൽ 13/08/2022 തീയതിയിൽ നടന്ന അദാലത്തിൽ മൂന്ന് എൽ.എ.ആർ കേസുകൾ പരിഗണിക്കുകയും ഒത്തുതീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്. അദാലത്തിൽ പരിഗണിച്ച കേസുകൾ അർത്ഥനാധികാരിയായ ട്രിഡയുടെ സമ്മതത്തോടുകൂടി 'ആറു മാസത്തിനകം ഡെപ്പോസിറ്റ് ചെയ്താൽ പലിശ ഇല്ല' എന്ന വ്യവസ്ഥയിൽ യഥാർത്ഥ തുകയേക്കാൾ കുറച്ച് സെറ്റിൽ ചെയ്തിട്ടുള്ളതിനാൽ; ടി അദാലത്തിൽ ഒത്തുതീർപ്പാക്കിയ എൽ.എ.ആർ.297/2008(EP no. 197/2016)-മേലുള്ള തുക അടിയന്തരമായി കക്ഷിയ്ക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം-കവടിയാർ റോഡ് വികസനത്തിനായി കവടിയാർ വില്ലേജിൽ സർവ്വേ നമ്പർ 2499-ൽപ്പെട്ടതും ശ്രീ. ശരത് ചന്ദ്രന്റെ (മാധവ മന്ദിരം, ടി.സി.4/2513, പട്ടം, തിരുവനന്തപുരം) ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.14 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 297/08 നമ്പർ കേസിൽ; 13.08.2022-ൽ ബഹു. തിരുവനന്തപുരം സബ്കോടതിയിൽ നടന്ന ലോക് അദാലത്ത് വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഒത്തുതീർപ്പാക്കിയ തുകയായ 1,18,000/-രൂപ(ഒരു ലക്ഷത്തി പതിനെണ്ണായിരം രൂപ മാത്രം) അടിയന്തരമായി ശ്രീ ശരത് ചന്ദ്രന് "4217-60-800-93-Payment of compensation in LAR



Generated from eOffice by CHINNU C, ASST-IA4-LSGD, ASST-IA4-LSGD, LSGD on 06/03/2023 02:41 PM

സ.ഉ.(സാധാ) നം.531/2023/LSGD

cases" എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി,ട്രിഡ
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ, തിരുവനന്തപുരം
ശ്രീ.ശരത് ചന്ദ്രൻ, മാധവ മന്ദിരം, ടി.സി.4/2513, പട്ടം, തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
നിയമവകുപ്പ് (ST- II1/10/2023-LAW dated 31/01/2023)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസിൽ കോപ്പി (IA4/127/2022-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 03-03-2023 16:44:59



Generated from eOffice by CHINNU C, ASST-IA4-LSGD, ASST-IA4-LSGD, LSGD on 06/03/2023 02:41 PM